IX ക്രമപ്രശ്നം

അസംബ്ലിയിൽ ചർച്ച നടക്കുമ്പോൾ ഉദ്യോഗസ്ഥന്മാരുടെ ഗ്യാലറി ഒഴിഞ്ഞു കിടക്കുന്നത് സംബന്ധിച്ച്

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ എന്റെ പ്രസംഗം തുടങ്ങുന്നതിനു മുമ്പ് ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുകയാണ്. ഇത് ആദ്യമേ ഉന്നയിക്കാനിരുന്നതാണ്. ബഡ്ജറ്റിന്റെ പൊതു ചർച്ചയാണ് ഇവിടെ നടക്കുന്നത്. ബഡ്ജറ്റിന്റെ പൊതുചർച്ചയിൽ അപ്പുറത്തും ഇപ്പുറത്തുമുള്ള അംഗങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് പറയുന്നത്. ഇത് ഉൾക്കൊള്ളേണ്ട ആളുകൾ..... അങ്ങ് ഉദ്യോഗസ്ഥ ഗ്യാലറിയിലേയ്ക്ക് ഒന്നു നോക്കണം. ഒരൊറ്റ വകുപ്പുമേധാവിപോലുമില്ല. മന്ത്രിമാരുടെ കസേരകൾ അങ്ങ് നോക്കണം. ഇത്രമാത്രം ഈ നിയമസഭയെ അവഗണിക്കുന്ന നടപടിയുണ്ടോ? ഉത്തരവാദപ്പെട്ട അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ അവിടെ വന്നിരുന്ന് കേൾക്കാൻ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്മാർ ഇല്ല. നിരവധി പ്രാവശ്യം ഇതു സംബന്ധിച്ച് റൂളിംഗുകൾ നൽകിയിട്ടും അത് പാലിക്കപ്പെടുന്നില്ല. ഇതുസംബന്ധിച്ച് അങ്ങ് റൂളിംഗ് നൽകണം.

(അദ്ധ്യവേദിയിൽ ശ്രീ. ആന്റണി രാജു)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : റൂളിംഗ് നൽകുന്നതിനു മുമ്പ് ഞാൻ പറയുന്നത് കേൾക്കണം. ഫിനാൻസ് സെക്രട്ടറി രാവിലെമുതൽ ഇതുവരെ ഇവിടെ ഉണ്ടായിരുന്നു. അദ്ദേഹം ഊണുകഴിക്കാൻ പോയതാണ്. ബാക്കിയുള്ളവരുണ്ട്. മറ്റുള്ളവർ സെക്രട്ടേറിയറ്റിൽ ജോലി ചെയ്യുകയാണ്. എല്ലാവരും ഇവിടെ കുത്തിയിരിക്കുകയല്ല.

ശ്രീ. ജോണി നെല്ലൂർ : ബഹുമാനപ്പെട്ട ചെയറിന്റെ റൂളിംഗാണ് എനിക്ക് വേണ്ടത്. മന്ത്രിയുടെ മറുപടിയല്ല. അപ്പുറത്തുള്ള ആളുകൾ ഇപ്പുറത്തായിരുന്നപ്പോൾ വളരെ ഘോരംഘോരം പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്.

X. റൂളിംഗ്

മി. ചെയർമാൻ : (ശ്രീ. ആന്റണി രാജു) മന്ത്രിമാരുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കാര്യം ശ്രദ്ധയിൽപ്പെടുത്താം.

ധനകാര്യം- തുടർച്ച

ശ്രീ. ജോണി നെല്ലൂർ : സർ, ഞാൻ ഈ ബഡ്ജറ്റിനെ ശക്തിയായി എതിർക്കുകയാണ്. ദിശാബോധമില്ലാത്ത ഒരു ബഡ്ജറ്റാണിത് എന്നുള്ളതുകൊണ്ടാണ് ഞാൻ ഇതിനെ എതിർക്കുന്നത്. അപ്പുറത്തുള്ള അംഗങ്ങൾ മലയാള മനോരമയും. ദീപികയും, മാതൃഭൂമിയും എടുത്തുവായിച്ചു. അങ്ങനെയെങ്കിലും മലയാളമനോരമയും ദീപികയും മാതൃഭൂമിയും വായിക്കാൻ അപ്പുറത്തുള്ളവർ തയ്യാറായല്ലോ എന്നോർക്കുമ്പോൾ എനിക്ക് അവരോട് ബഹുമാനം തോന്നുന്നു. ഞാൻ ഈ ബഡ്ജറ്റിനെ എതിർത്തുകൊണ്ട് സംസാരിക്കുമ്പോൾ ഇന്നു ചർച്ച തുടങ്ങിവച്ച ഡെപ്യൂട്ടി സ്പീക്കർ പറഞ്ഞ കാര്യങ്ങൾക്ക് അനുബന്ധമായി ചുരുക്കം ചില കാര്യങ്ങൾ പറയാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം ഈ ബഡ്ജറ്റിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു പറഞ്ഞു, അവഗണിക്കപ്പെട്ട മേഖലകളെക്കുറിച്ചു പറഞ്ഞു. അപ്പുറത്തുള്ള ആളുകൾക്ക്

LIBRARY ARCHIVES Kerala Legislative Assembly